**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **28**

28.06.2016 ൽ മറുപടിക്ക്

## ഡിജിറ്റൽ സംസ്ഥാനം

ചോദ്യം

**ശ്രീ. വി.ഡി. സതീശൻ**
**ശ്രീ. അനിൽ അക്കര**
**ശ്രീ. എൽദോസ് കുന്നപ്പിള്ളി**
**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**

മറുപടി

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം ആക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(എ) ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള മുന്നേറ്റങ്ങൾ അംഗീകരിച്ചു കൊണ്ടാണ് ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുള്ളത്. നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുവാൻ ഏതു നോഡൽ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(ബി) ഐടി വകുപ്പിന് കീഴിൽ കേരള സ്റ്റേറ്റ് ഐടി മിഷൻ ഡിജിറ്റൽ കേരള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) ഡിജിറ്റൽ കേരള കൊണ്ട് ഉദ്ദേശിക്കുന്നത് സംസ്ഥാന സർക്കാരിന്റെ എല്ലാ ഐ.ടി പദ്ധതികളും ഒരു കുടക്കീഴിൽ കൊണ്ട് വരിക എന്നതാണ്. നിലവിലുള്ള വിവിധ വകുപ്പുകളുടെ ഓൺലൈൻ സർവീസുകൾ, ഓൺലൈൻ ബിൽ പേയ്മെന്റ്, ഇ-ടെൻഡർ, ഇ-ഓഫീസ്, ഡിജിറ്റൽ സാക്ഷരത മുതലായ സേവനങ്ങളൊക്കെ ഡിജിറ്റൽ കേരളയുടെ ഭാഗമാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഡിജിറ്റൽ സാക്ഷരതയ്ക്കായി തുടങ്ങിയ അക്ഷയ പദ്ധതി പിന്നീട് ഇ-സർവീസ് നൽകുന്ന കോമൺ സർവീസ് സെന്ററായി മാറുകയുണ്ടായി. സ്കൂൾ കുട്ടികളിൽ കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തുവാനും സ്കൂളുകൾ കമ്പ്യൂട്ടറൈസ് ചെയ്യുവാനും *it@school പ്രൊജക്ട്* വഴി കഴിഞ്ഞു. കേരളത്തിലുടനീളം ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയതും സർക്കാരിന്റെ സ്റ്റേറ്റ് ഡാറ്റ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് മുതലായ സംരംഭങ്ങളും വിവിധ വകുപ്പുകളുടെ അനേകം ഇ-ഗവേണൻസ് സംവിധാനങ്ങളും ഡിജിറ്റൽ മുന്നേറ്റത്തിനു സഹായകമായി.

മൊബൈൽ ഫോണുകളുടേയും ടാബ്ലറ്റ് തുടങ്ങിയ ഉപകരണങ്ങളുടേയും സംസ്ഥാനത്തെ വ്യാപനം കണക്കിലെടുത്ത് സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മൊബൈൽ ഉപകരണങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള മൊബൈൽ ഗവേണൻസ് പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.

ഡിജിറ്റൽ സാക്ഷരതയ്ക്കായി ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പയിൻ പദ്ധതി നടപ്പിലാക്കുന്നതാണ്. എല്ലാ ജില്ലകളിലും 20 സ്കൂളുകളിൽ 10 വീതം ടാബ്ലെറ്റ് നൽകുകയും ഡിജിറ്റൽ സാക്ഷരത ഇല്ലാത്ത പൗരന്മാരെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ മുഖേന ഡിജിറ്റൽ സംവിധാനങ്ങൾ പഠിപ്പിക്കുകയുമാണ് ഈ പദ്ധതി. ഇങ്ങനെ 10 ലക്ഷം ആളുകളെ ഡിജിറ്റൽ സാക്ഷരരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

Geetha Kumari

സെക്ഷൻ ഓഫീസർ